بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 10.02.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെയിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഖുർആന്റെ മഹത്വവും പ്രാധാന്യവും - 2

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

കഴിഞ്ഞ ഖുത്ബയിൽ വിശുദ്ധ ഖുർആനിന്റെ മഹത്വത്തെയും പ്രാധാന്യത്തെയും കുറിച്ച് ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങളാണ് കേൾപ്പിച്ചിരുന്നത്. ഇന്ന് അതേ വിഷയത്തിൽ കുറച്ചുകൂടി കാര്യങ്ങൾ സമർപ്പിക്കുന്നതാണ്.

വിശുദ്ധ ഖുർആന്റെ മേന്മകളെയും പ്രാധാന്യങ്ങളെയും കുറിച്ചു വിവരിച്ചുകൊണ്ട് വിക്ടോറിയ രാഞ്ജിയുടെ ഡയമണ്ട് ജൂബിലിയുടെ അവസരത്തിൽ അവർക്ക് ഇസ്‌ലാമിന്റെ സന്ദേശം നൽകിക്കൊണ്ട് ആ മഹാത്മാവ് രചിച്ച തന്റെ ഗ്രന്ഥമായ തുഹ്ഫയെ കൈസറിയയിൽ പറയുന്നു: വിശുദ്ധ ഖുർആൻ അതിസൂക്ഷ്മമായ യുക്തിജ്ഞാനങ്ങളാൽ നിറഞ്ഞിരിക്കുന്നു. ഓരോ അധ്യാപനത്തിലും ഇഞ്ചീലിനെ അപേക്ഷിച്ച് യഥാർഥ നൻമ പഠിപ്പിക്കുന്നതിനുവേണ്ടി അത് ഒരു ചുവടു മുന്നിലാണുള്ളത്. പ്രത്യേകിച്ചും സത്യവാനും മാറ്റമില്ലാത്തവനുമായ ദൈവത്തെ കാണിക്കുന്ന വിളക്ക് വിശുദ്ധ ഖുർആന്റെ കയ്യിൽ മാത്രമേയുള്ളൂ. ഇത് ലോകത്തേക്ക് വന്നില്ലായിരുന്നുവെങ്കിൽ ലോകത്ത് സൃഷ്ടിപൂജയുടെ കണക്ക് എവിടേക്കെത്തുമെന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. ആയതിനാൽ ഭൂമിയിൽ നിന്ന് നഷ്ടമായിരുന്ന ദൈവത്തിന്റെ ഏകത്വം ഭൂമിയിൽ വീണ്ടും സ്ഥാപിക്കുകയുണ്ടായി എന്നതിൽ കൃതജ്ഞത പ്രകടിപ്പിക്കേണ്ട സന്ദർഭമാണ്.

അക്കാലഘട്ടത്തിൽ ഇത്രയും ധൈര്യത്തോടുകൂടി ഇന്ത്യൻ രാഞ്ജിക്ക് ഇങ്ങനെ സന്ദേശമയക്കുകയും ഇസ്‌ലാമിക പ്രചാരണം നടത്തുകയും ചെയ്ത മറ്റാരെങ്കിലും ഉണ്ടോ ? ഇസ്‌ലാമിന്റേയും ഖുർആനിന്റേയും മഹത്വം വിവരിക്കാൻ ഈ ധൈര്യമൊന്നും ഇല്ലാത്ത ഇന്നത്തെ ആളുകൾ നമ്മളെ കുറിച്ച് പറയുന്നത്, നഊദു ബില്ലാഹ് ഹദ്റത് മസീഹ് മൗഊദ്(അ)ഉം അഹ്മദിയ്യാ ജമാഅത്തും വിശുദ്ധ ഖുർആനെ അപഹസിക്കുന്നു എന്നാണ്. അമുസ്‌ലിംകൾ അവരുടെ നീക്കങ്ങൾ കാണുമ്പോൾ ഇസ്‌ലാമിനോടുള്ള ശത്രുതയിൽ അന്ധരായിത്തീരുന്നു. വിശുദ്ധ ഖുർആനിന്റെ മഹത്വം തിരസ്കരിക്കാൻ കഴിയാത്തതുകൊണ്ട് മനസ്സിന് സമാധാനം കിട്ടാൻവേണ്ടി വിശുദ്ധ ഖുർആനിന്റെ പ്രതികൾ കത്തിച്ചുകൊണ്ട് തങ്ങളുടെ ഹൃദയത്തിലുള്ള രോഷം പ്രകടിപ്പിക്കുന്നു. സ്വീഡനിലും സ്കേണ്ടനേവിയൻ രാജ്യങ്ങളിലും കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായതു പോലെ. മുസ്‌ലിംകൾ കാലത്തിന്റെ ഇമാമിനെ അംഗീകരിക്കുകയും വിശുദ്ധ ഖുർആന്റെ പാഠങ്ങൾ മനസ്സിലാക്കി അത് അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നെങ്കിൽ അമുസ്‌ലിംകൾക്ക് ഒരിക്കലും ഇത്തരത്തിൽ വിശുദ്ധ ഖുർആനെ അപഹസിക്കാൻ ധൈര്യം വരില്ലായിരുന്നു. അല്ലാഹു തന്നെ ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ.

വിശുദ്ധ ഖുർആൻ മാത്രമാണ് ഇനി സന്മാർഗസിദ്ധിക്കുള്ള മാർഗം എന്ന് വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: ഇസ്‌ലാം അനുഗ്രഹീതവും ദൈവോന്മുഖവുമായ മതമാകുന്നു. ആരെങ്കിലും സത്യസന്ധമായി അതിനെ പാലിക്കുകയും അല്ലാഹുവിന്റെ സത്യസന്ധമായ ഖുർആനിലുള്ള അധ്യാപനങ്ങളെയും സന്മാർഗത്തെയും അനുശാസനകളെയും പ്രാവർത്തികമാക്കുകയുമാണെങ്കിൽ അയാൾ ഈ ലോകത്ത് തന്നെ അല്ലാഹുവിനെ കാണുന്നതാണ്. ലോകത്തിന്റെ ദൃഷ്ടിയിൽ നിന്ന് ആയിരക്കണക്കിന് ആവരണങ്ങൾക്ക് അകത്തുള്ള ദൈവത്തെ കണ്ടെത്താൻ ഖുർആനിക അധ്യാപനമല്ലാതെ മറ്റൊരു മാർഗവുമില്ല. വിശുദ്ധ ഖുർആൻ ബുദ്ധിപരമായും സ്വർഗീയ ദൃഷ്ടാന്തങ്ങൾ മുഖേനയും വളരെ എളുപ്പത്തിലും എളുപ്പ മാർഗത്തിലൂടെയും അല്ലാഹുവിലേക്ക് വഴി നടത്തുന്നു. അതിലൊരു അനുഗ്രഹവും ആകർഷണ ശക്തിയുമുണ്ട്. അത് ദൈവാന്വേഷിയെ അനുനിമിഷം അല്ലാഹുവിലേക്ക് വലിച്ചടുപ്പിക്കുന്നു;

പ്രകാശവും സമാധാനവും സംതൃപതിയും പ്രദാനം ചെയ്യുന്നു. വിശുദ്ധ ഖുർആനിൽ സത്യസന്ധമായ വിശ്വാസമുള്ളയാൾ കേവലം തത്വചിന്തകന്മാരെ പോലെ ഈ യുക്തിഭദ്രമായ ലോകത്തെ സൃഷ്ടിക്കാൻ ഒരാളുണ്ടാകണമെന്ന അനുമാനത്തിൽ മാത്രം കഴിയുന്നതല്ല. മറിച്ച് അയാൾ ഒരു വ്യക്തിഗതമായ ഉൾകാഴ്ച കരസ്ഥമാക്കുകയും ഒരു പരിശുദ്ധ ദൃഷ്ടിയാൽ അനുഗ്രഹിക്കപ്പെട്ടുകൊണ്ട് ദൃഢബോധ്യത്തിന്റെ കണ്ണുകളാൽ യഥാർഥത്തിൽ സൃഷ്ടികർത്താവ് ഉണ്ട് എന്ന് കാണുന്നതാണ്. ആ പരിശുദ്ധ വചനങ്ങളുടെ പ്രകാശം കരസ്ഥമാകുന്നയാൾ കേവലം ഊഷരമായ യുക്തിവാദികളെപ്പോലെ പങ്കുകാരില്ലാത്ത ദൈവമുണ്ടെന്ന ചിന്തയിൽ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച് നൂറുകണക്കിന് പ്രകാശമാനമായ ദൃഷ്ടാന്തങ്ങൾ, അത് അയാളുടെ കൈപിടിച്ച് കൊണ്ട് അയാളെ ഇരുട്ടിൽ നിന്ന് പുറത്തേക്ക് കൊണ്ട് വരികയും യഥാർഥ രീതിയിൽ സത്തയിലും ഗുണങ്ങളിലും ദൈവത്തിനു സമാനമായി ആരുമില്ലെന്നും കാണുന്നതാണ്. അത്ര മാത്രമല്ല മറിച്ച്, ഏത് രീതിയിൽ അവൻ ദൈവത്തെ മനസ്സിലാക്കുകയും ഏകദൈവത്തിന്റെ മഹത്വം അവന്റെ ഹൃദയത്തിൽ സന്നിവേശിപ്പിക്കപ്പെടുകയും അവൻ ദൈവ ഇംഗിതങ്ങൾക്ക് മുന്നിൽ മുഴുവൻ ലോകത്തെയും ചത്ത് കിടക്കുന്ന കീടത്തെ പോലെ അല്ലെങ്കിൽ അതിലുമുപരി ഒന്നുമല്ലെന്നും മുഴുവനും വ്യർത്ഥമാണെന്നും ഗണിക്കുകയും ചെയ്തത് കർമ്മഫലമായി ലോകത്തിന് അത് കാണിച്ച് കൊടുക്കുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആനിൽ വൈജ്ഞാനികവും കർമ്മപരവുമായ സന്മാർഗത്തിന്റെ സംപൂർത്തീകരണമാണുള്ളത് എന്ന് വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: ഓർക്കുക വിശുദ്ധ ഖുർആനിൽ വൈജ്ഞാനികവും കർമ്മപരവുമായ സംപൂർത്തിക്കുള്ള സൻമാർഗമാണുള്ളത്. ഇഹ്ദിനസിവാത്തിൽ വൈജ്ഞാനികമായ സംപൂർത്തിയിലേക്കുള്ള സൂചനയാണുള്ളത്; കർമ്മപരമായ സംപൂർത്തിക്കുള്ള സൻമാർഗത്തെ പറ്റി പറയുന്നത് സിവാത്തല്ലദീന അൻഅംത അലൈഹിം എന്നതിൽ ആണ്. പരിപൂർണവും പരിപക്വവുമായ തലങ്ങൾ ഇത് മൂലം ലഭ്യമാകുന്നതാണ്. കർമ്മപരമായ പുരോഗതിക്ക് അനുഗ്രഹ സിദ്ധരായ ആളുകളുടെ മാർഗത്തിലൂടെ ചലിക്കാനുള്ള പ്രാർഥന ഉണ്ട്. അവർ നബിമാരും സിദ്ധീഖുമാരും ശുഹദാക്കളും സ്വാലിഹീങ്ങളും ആണ്. പിന്നെ അവർക്കുള്ള ഉദാഹരണങ്ങളും ഉണ്ട്. ഈ കാലഘട്ടത്തിലും സന്മാർഗസിദ്ധരായ ആളുകളുണ്ട്. അവർക്ക് ദൈവീക അനുഗ്രഹങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്നു. പറയുന്നു: ഒരു ചെടി വെച്ചു പിടിപ്പിച്ച് അതിനു പൂർണമായും വളർച്ചയെത്തുന്നില്ലെങ്കിൽ ഫലങ്ങളും പുഷ്പങ്ങളും ഉണ്ടാകുന്നതല്ല എന്നതുപോലെ, ഏതെങ്കിലും സന്മാർഗത്തിന്റെ ഉന്നതവും പൂർത്തീകരിക്കപ്പെട്ടതുമായ ഫലങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ ആ സന്മാർഗം മൃതമാകുന്നു. വിശുദ്ധ ഖുർആൻ നൽകുന്ന സന്മാർഗത്തെ പ്രവർത്തികമാക്കുമ്പോൾ ഉന്നത തലത്തിലുള്ള തികവുകൾ ലഭ്യമാകുന്നു. അല്ലാഹുവുമായി ഒരു സത്യസന്ധമായ ബന്ധം ഉണ്ടാകുന്നു. എത്രത്തോളമെന്നാൽ അത് വിശുദ്ധ ഖുർആൻ ഉദാഹരിക്കുന്ന ഒരു പരിശുദ്ധ വൃക്ഷം പോലെ അത് വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നു.

വലിയ വലിയ കുഴപ്പങ്ങൾ പരന്നിരുന്ന ഘട്ടത്തിൽ ലോകത്തേക്കു വന്ന വിശുദ്ധ ഗ്രന്ഥമാകുന്നു ഖുർആൻ. അന്ന് നിരവധി വിശ്വാസപരവും കർമ്മപരവുമായ അബദ്ധങ്ങൾ നിലവിലുണ്ടായിരുന്നു. അതിലേക്ക് സൂചന നൽകികൊണ്ട് അല്ലാഹു പറയുന്നു: ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ അതായത് ഗ്രന്ഥനുസരികളും മറ്റുള്ളവരും ഉൾപ്പെടെയുള്ള എല്ലാ ആളുകളും അബദ്ധ വിശ്വാസങ്ങളിൽ അകപ്പെട്ടിട്ടുണ്ടായിരുന്നു. വലിയ കുഴപ്പങ്ങൾ ലോകത്ത് ഉണ്ടായിരുന്നു. അക്കാലഘട്ടത്തിൽ അല്ലാഹു എല്ലാ അബദ്ധവിശ്വാസങ്ങളെയും ഇല്ലാതാക്കാൻ വിശുദ്ധ ഖുർആൻ എന്ന സമ്പൂർണ ഗ്രന്ഥത്തെ നമ്മുടെ സന്മാർഗ്ഗത്തിനുവേണ്ടി അയച്ചു. അഞ്ച്നേര നമസ്കാരങ്ങളിൽ ഒരോ റകഅത്തിലും പാരായണം ചെയ്യുന്ന സൂറഃ ഫാത്തിഹയിൽ സൂചനയെന്നോണം പ്രത്യേകിച്ച് എല്ലാ വിശ്വാസങ്ങളെയും പരാമർശിച്ചിട്ടുണ്ട്. പറയുന്നു. اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ അതായത് സകല മേൻമകളും സകല ലോകത്തെയും സൃഷ്ടിച്ച അല്ലാഹുവിന് മാത്രം അനുഗുണമാകുന്നു. الرَّحْمٰنِ അവൻ കർമ്മങ്ങളില്ലാതെ തന്നെ നൽകുന്നവൻ ആകുന്നു. അതായത് കർമ്മങ്ങൾ ഒന്നും ഇല്ലെങ്കിലും അവൻ അനുഗ്രഹിക്കുന്നു. الرَّحِيْمِ അവൻ കർമ്മങ്ങൾക്ക് ഫലം നല്കുന്നവനാണ്. പ്രാർത്ഥിക്കുമ്പോൾ അത് സ്വീകരിക്കുന്നു. അവൻ مٰلِكِ يَوْمِ الدِّيْنِ ആണ്. രക്ഷാ ശിക്ഷയുടെ നാളിന്റെ അധിപൻ ആണ്. രക്ഷാ ശിക്ഷകൾ ഇഹലോകത്തും പരലോകത്തുമുണ്ട്. പറയുന്നു: ഈ നാല് ഗുണവിശേഷങ്ങളിൽ ലോകത്തിലെ സകല ജനതകളെ കുറിച്ചും വിവരിച്ചിട്ടുണ്ട്. ഇനി അവധാനതയോടു കൂടി ഒരാൾ

അഞ്ചുനേര നമസ്കാരങ്ങളിൽ ഇത് ഓതുകയാണെങ്കിൽ വലിയ ആധ്യാത്മിക ജ്ഞാനം കരസ്ഥമാക്കാനും അയാൾക്ക് കഴിയുന്നതാണ്.

വിശുദ്ധ ഖുർആൻ ഒരു മുഅ്ജിസഃ അഥവാ അത്ഭുതമാണെന്ന് പറഞ്ഞുകൊണ്ട് ആ മഹാത്മാവ് വിവരിക്കുന്നു. മുഅ്ജിസഃ വാസ്തവത്തിൽ അഭൗമികമായ അവസ്ഥക്കാണ് പറയുന്നത്. അതായത് എതിരാളി അതിന് തത്തുല്യമായത് സമർപ്പിക്കുന്ന കാര്യത്തിൽ നിസ്സഹായനായി തീരും. ഒരു ഉദാഹരണം പോലും സമർപ്പിക്കാൻ കഴിയില്ല. വിശുദ്ധ ഖുർആൻ അറേബിയൻ രാജ്യത്തിലെ സകല നിവാസികൾക്ക് മുന്നിലുമാണ് സമർപ്പിക്കപ്പെട്ടത്. എന്നാൽ അതിന് സമാനമായത് സമർപ്പിക്കുന്നതിൽ അറേബിയയിലെ സകല നിവാസികളും നിസ്സഹായരായിരുന്നു. ആകയാൽ മുഅ്ജിസത്തിന്റെ യാഥാർഥ്യം മനസ്സിലാക്കുന്ന കാര്യത്തിൽ വിശുദ്ധ ഖുർആനിന്റെ വചനങ്ങൾ വളരെ പ്രകാശമാനമായതും ഗാംഭീര്യമുള്ളതും ആകുന്നു. ഉഗ്ര പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ അത് മറുപടിയില്ലാത്ത മഹാത്ഭുതമാകുന്നു. അത് ആയിരത്തി മുന്നൂറ് വർഷങ്ങൾ കടന്ന് ഇന്നുവരെക്കും ഒരെതിരാളിക്കും അതിനെ നേരിടാൻ കഴി ഞ്ഞിട്ടില്ല. ആർക്കും തന്നെ അതിന് ശക്തിയുമില്ല. അത്ഭുതകരമായ പ്രവചനങ്ങളെയും അത്ഭുതാവഹമായ വാക്കുകളിൽ വിവരിക്കുന്നു. ചുരുക്കത്തിൽ അടിസ്ഥാനപരമായ ലക്ഷ്യം എന്തെന്നാൽ മുഅ്ജിസകൾ മുഖേന സത്യവും അസത്യവും സത്യവാനും വ്യാജവാദിയും തമ്മിൽ വ്യതിരിക്തത കാണിക്കുകയാണ്. മതത്തിന്റെ അടിസ്ഥാനം സത്യവാനായ ദൈവത്തിന്റെ അസ്തിത്വത്തെ തിരിച്ചറിയുന്നതുമായി ബന്ധിതമാണെന്ന കാര്യം വ്യക്തമാണ്. സത്യമതത്തിന്റെ അനിവാര്യവും പ്രധാനപ്പെട്ടതുമായ കാര്യമെന്തെന്നാൽ അതിൽ അല്ലാഹുവിന്റെ അസ്തിത്വത്തിന് ഉള്ള ഖണ്ഡിതവും ദൃഢവുമായ തെളിവുകൾ ഉണ്ടായിരിക്കണം.

പറയുന്നു: അല്ലാഹുവുമായി യഥാർഥ ബന്ധം ഉണ്ടാക്കാൻ കഴിയാത്ത മതം മൃതമാകുന്നു. അതു മുഖേന ഏതെങ്കിലും പരിശുദ്ധ മാറ്റം ഉണ്ടാകുന്നതല്ല. ഈ ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ള ബുദ്ധിപരമായ കാര്യങ്ങൾ വാസ്തവത്തിൽ ദൈവവാണികളാണോ എന്ന് ആർക്കാണ് തീരുമാനം എടുക്കാൻ കഴിയുക. അതെങ്ങനെയാണ് ദൈവാസ്തിക്യത്തിന് ഖണ്ഡിതമായ തെളിവാവുക. കൂടാതെ ഒരു സത്യാന്വേഷിയുടെ അന്തഃകരണം മാത്രമാണ് പൂർണമായും ദൈവീക വചനങ്ങൾ എന്നും ഉറപ്പിക്കുകയും അതെല്ലാം പൂർണമായും വ്യക്തികൾക്ക് അതീതമാണെന്നും എങ്ങനെ ഉറപ്പിക്കും. പ്രസ്തുത അടയാളങ്ങൾ എല്ലാം എല്ലാ അബദ്ധങ്ങൾക്കും അതീതമാണോ. ചുരുക്കത്തിൽ ഒരു മതം കേവലം ചില കാര്യങ്ങളെ യുക്തിക്കും തത്വചിന്തക്കും ചേർത്ത് പറഞ്ഞത് കൊണ്ട് അത് സത്യമാണെന്നതിന് കാരണം പറയുകയും അതെ സമയം ദൈവീക ദൃഷ്ടാന്തങ്ങളും അഭൗമീകമായ കാര്യങ്ങളും കാണിക്കാൻ കഴിയാതിരിക്കുകയുമാണെങ്കിൽ അത്തരം മതത്തിന്റെ അനുയായി വഞ്ചനയിൽപെട്ടവനോ അതല്ലെങ്കിൽ അന്ധകാരത്തിൽ മരണപ്പെടുന്നവനോ ആയിത്തീരും. ഏതു വരെ ഒരു മതം ദൈവാസ്തിക്യം ദൃഢമായി തെളിയിക്കുന്നതിന് ഉത്തരവാദിയല്ലയോ അത് വരെയും ആ മതം ഒന്നും തന്നെയല്ല. ഈ ഉന്നത തലത്തിലേക്ക് എത്തുന്നതിനാണ് നമ്മൾ പരിശ്രമിക്കേണ്ടത്. ദൈവത്തെ അടയാളങ്ങളിലൂടെ തിരിച്ചറിയാനും വ്യക്തിഗതമായ അനുഭവങ്ങളിലൂടെ തിരിച്ചറിയാനും കഴിയണം. അതിന് ശേഷം അല്ലാഹുവിനെ കുറിച്ച് യാഥാർഥ്യം മനുഷ്യനിൽ വെളിപ്പെടുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യ ജമാഅത്തിൽ ഇത്തരം മാതൃകകൾ ഉണ്ട്. അന്യമതസ്ഥർക്കും നിർമതവാദിക്കും അല്ലാഹുവിന്റെ അസ്തിത്വത്തെ ബോധ്യപ്പെടുത്തിക്കൊടുക്കുന്നു. യുക്തിപരമായ തെളിവുകളും അടയാളങ്ങളും നൽകുന്നു, സംഭവങ്ങളും വിവരിക്കുന്നു. അപ്പോൾ അവർ മതത്തെയും ഇസ്‌ലാമിനെയും അംഗീകരിക്കുന്നു. ബെൽജിയത്തിലെ നിരീശ്വരവാദിയായിരുന്ന ഒരു സുഹൃത്ത് ബൈഅത്ത് ചെയ്തുകൊണ്ട് പറയുകയുണ്ടായി: അല്ലാഹുവിന്റെ അസ്തിത്വത്തെ അംഗീകരിച്ചപ്പോൾ അഹ്മദിയത്ത് അഥവാ യഥാർഥ ഇസ്‌ലാം അംഗീകരിക്കുകയല്ലാതെ എനിക്ക് വേറെ വഴിയുണ്ടായിരുന്നില്ല. എനിക്ക് ഈ മാർഗം കാണിച്ച് തന്നത് അഹ്മദിയത്ത് ആയതുകൊണ്ട് ഞാൻ അഹ്മദി മുസ്‌ലിം ആയി. ഖേദമെന്ന് പറയട്ടെ നമ്മുടെ എതിരാളികൾ ഈ അഭൗമീക കാര്യങ്ങൾ കേൾക്കാൻ ആഗ്രഹിക്കുന്നില്ല. മാത്രമല്ല നമ്മൾ ഖുർആനെ നഊദുബില്ലാഹ് മാറ്റിമറിച്ചു എന്ന് ആരോപിക്കുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആൻ പറയുന്ന കഥകൾ എല്ലാം വാസ്തവത്തിൽ തിരുനബി(സ)നും ഇസ്‌ലാമിനും വേണ്ടിയുള്ള പ്രവചനങ്ങളാണ്. ഈ കഥകളുടെ എല്ലാ പ്രവചനങ്ങളും ഉന്നത തലത്തിൽ പൂർത്തീകരിക്കപ്പെടുകയുണ്ടായി. ചുരുക്കത്തിൽ വിശുദ്ധ

ഖുർആൻ ദിവ്യജ്ഞാനങ്ങളുടെയും യാഥാർഥ്യങ്ങളുടെയും ഒരു നദിയും പ്രവചനങ്ങളുടെ ഒരു സമുദ്രവുമാകുന്നു. ആർക്കും തന്നെ വിശുദ്ധ ഖുർആൻ മുഖേനയല്ലാതെ അല്ലാഹുവിൽ പൂർണമായ ദൃഢവിശ്വാസം കരസ്ഥമാക്കാൻ സാധ്യമല്ല. കാരണം ഈ പ്രത്യേകത വിശുദ്ധ ഖുർആന് മാത്രം സവിശേഷമായിട്ടുള്ളതാകുന്നു. അതിനെ ശരിയായ രീതിയിൽ പിന്തുടരുകയാണെങ്കിൽ അല്ലാഹുവിനും മനുഷ്യനും ഇടയിലുള്ള എല്ലാ മറകളും നീക്കപ്പെടുന്നതാണ്. വിശുദ്ധ ഖുർആന് രണ്ടു ഭാഗങ്ങൾ ഉണ്ട്. ഒന്ന് കഥാകഥന ശൈലിയുടെ ഭാഗമാകുന്നു. രണ്ടാമത്തേത് കൽപ്പനകളാകുന്നു. കഥകളെയും കൽപ്പനകളെയും വേർതിരിച്ച് അറിയാൻ കഴിയാത്തവർ വിശുദ്ധ ഖുർആനിൽ വൈരുദ്ധ്യങ്ങൾ ഉണ്ടെന്ന് സ്ഥാപിക്കാൻ നിദാനമായി തീരുന്നു.

ഇനിയും ആ മഹാത്മാവിൻറെ ഉദ്ധരണികൾ ഉണ്ട്. അതെല്ലാം സന്ദർഭമനുസരിച്ച് ഇത് സംബന്ധമായി വിവരിക്കുന്നതാണ്, അല്ലാഹു നമുക്ക് വിശുദ്ധ ഖുർആനിന്റെ ശരിയായ അധ്യാപനങ്ങൾ അനുസരിച്ച് കർമ്മങ്ങൾ ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarack U.K. – on 10.02.2023

Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516